പതിമൂന്നാം കേരള നിയമസഭ                അന്തിമ മറുപടി

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2611                19.03.2015 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ പണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി.അയിഷാ പോറ്റി : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് നിക്ഷേപ കാലാവധി തീരുന്നതിനു മുൻപ് തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പണം പിൻവലിച്ച് ട്രഷറിയിൽ നിക്ഷേപിച്ചാൽ ബോർഡുകൾക്ക് നഷ്ടമുണ്ടാകുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ)ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് കൂടുതലായതിനാൽ പലിശ ഇനത്തിൽ നഷ്ടം ഉണ്ടാകുന്നില്ല. |
| (ബി) ഇപ്രകാരം മാറ്റിയിട്ടുള്ള തുകയുടെ മാറ്റം ചെയ്യുന്നതിന് ഏതെങ്കിലും ബോർഡുകൾ കടം എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ട്രഷറിയിൽ തുക നിക്ഷേപം ചെയ്യുന്നതിന് കടമെടുത്തിട്ടില്ല.<br><br>കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്ഥിര നിക്ഷേപങ്ങളുടെ ഈടിന്മേൽ 100 കോടി രൂപ ഇൻഡ്യൻ ബാങ്കിൽ നിന്നും ഓവർ ഡ്രാഫ്റ്റ് എടുത്ത് 08.01.2015-ൽ ട്രഷറിയിൽ നിക്ഷേപിച്ചു. പ്രസ്തുത തുകയ്ക്ക് ബോർഡ് പലിശയിനത്തിൽ നൽകേണ്ടി വരുന്ന തുകയ്ക്കുപുറമേ 1% പലിശ കൂടി പ്രീമിയമായി സർക്കാർ നൽകുന്നതാണ്. |
| (സി) ഇപ്രകാരമുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ? | (സി) നഷ്ടം ഉണ്ടാകാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ